# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

30.11.2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1017

## ചാത്തന്നൂരിൽ ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലമുൾപ്പെടെയുള്ള പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ അവശേഷിക്കുന്ന ജോലികൾ പൂർത്തിയാക്കുന്നതിനായി പുതിയ കരാർ നല്കിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | ഉണ്ട്, പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുന്നതിനായി പുതിയ കരാർ M/s. Shibu Zacharia – Multitech Services JV എന്ന കമ്പനിക്ക് നൽകുകയും കരാറുകാരൻ 10.10.2018 ന് കേരള വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് ഒപ്പുവച്ച് വിതരണ ശൃംഖലയുടെ പണികൾ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | അവശേഷിക്കുന്ന പണികൾ പൂർത്തിയാക്കി ജല വിതരണം പൂർണമായും ആരംഭിക്കുന്നതിന് എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | അവശേഷിക്കുന്ന 135 km വിതരണ ശൃംഖലയുടെ പണികൾ സുഗമമായി നടത്താൻ കേരള വാട്ടർ അതോറിറ്റി എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. മുൻകരാറുകാർ സ്ഥാപിച്ച പൈപ്പ്‌ലൈനുകളിലെ വിടവുകൾ കണ്ടെത്തിയും പ്രോജക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ള ബാക്കി പൈപ്പ്‌ലൈനുകൾ സമയബന്ധിതമായി സ്ഥാപിച്ചും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ പി.ഡബ്ല്യു.ഡി, റെയിൽവേ, നാഷണൽ ഹൈവേ അതോറിറ്റി, പഞ്ചായത്ത് മുതലായ ഏജൻസികളിൽ നിന്നുമുള്ള അനുമതി ലഭ്യമാക്കി പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിച്ചു ജല വിതരണം പൂർണ്ണമായും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ